# INFLUENCE OF DARŚANAS ON LITERATURE

*Edited by*

Dr. S. GEETHAMONY AMMA
Dr. V. PRAMEELA KUMARI

Scanned with CamScanner

# INFLUENCE OF DARŚANAS ON LITERATURE

*Edited by*

Dr.S.GEETHAMONY AMMA
&
Dr.V.PRAMEELA KUMARI

PARIMAL PUBLICATIONS
DELHI

Scanned with CamScanner

*Published by*
**PARIMAL PUBLICATIONS**
Office : 27/28, Shakti Nagar, Delhi-110007 (INDIA)
Retail Outlet : 22/3, Shakti Nagar, Delhi-110007 (INDIA)
ph. : +91-11-23845456, 47015168
e-mail : order@parimalpublication.com
url : http://www.parimalpublication.com

© Author

**First Edition : Year 2018**

**ISBN : 978-81-7110-611-0**

**Price : ₹ 350.00**

*Printed at*
**Balajee Imaging Systems**
Wazirpur Village, Delhi-52

Scanned with CamScanner

## Contents


1. ഉദ്ഘാടനഭാഷണം 1
ഡോ.കെ. മഹേശ്വരൻ നായർ

2. ഭാരതീയദർശനങ്ങൾ ഇന്ത്യൻസാഹിത്യത്തിൽ 3
ഡോ.സി.രാജേന്ദ്രൻ

3. काव्यं कान्तासंमिततया उपदेशयुजे 9
डॉ.वि. वासुदेवन्

4. दर्शनानां प्रभावः भवभूतिकृतिषु 16
प्रोफ.आर.आनन्दन्

5. हिन्दी साहित्य पर भारतीय दर्शन का प्रभाव 22
डॉ.सी.जे प्रसन्नकुमारी

6. Philosophy of Sree Ramakrishna as Depicted in the Sanskrit Mahakavya Dharmasagara 30
Dr.L.Sulochana Devi

7. Philosophical Perspectives in Jivanandanam 36
Dr.K. Muthulekshmi

8. Mimamsa and Sanskrit Aesthetics 39
Dr.V.R. Muralidharan

9. कामायनी का दार्शनिक-पक्ष 43
डॉ.के. श्रीलता

10. अद्वैतदर्शनसमीक्षा - भजगोविन्दे 50
डॉ.एस.गीतामणि अम्म

11. नारायणीये अद्वैतदर्शनस्य प्रभावः 54
डॉ.एस. शोभना

12. ഭക്തിയും അദ്വൈതവും-ശങ്കരാചാര്യരുടെ സ്തോത്രകൃതികളിൽ 62
മഹേശ്വരിപിള്ള.എസ്.

13. Darsanas and Sanskrit Kavyas 67
Dr. Susanth. S.


Scanned with CamScanner

14. ആശാൻകൃതികളിലെ ബുദ്ധദർശനം - ഒരു സാമാന്യാവലോകനം 73
ഡോ.എം.ആർ.ഷെല്ലി

15. महादेवी वर्मा के काव्यों में रहस्यवादी दर्शन 79
डॉ.जिषा पी.

16. ശാങ്കരദർശനത്തിന്റെ പൊരുൾ ജാതിക്കുമ്മിയിൽ 83
ഡോ.ഷീജ. ആർ.എസ്.

17. വേദാന്തചിന്തയുടെ കാവ്യപ്രമേയങ്ങൾ 89
ഡോ.ജി.രഘുകുമാർ കുടവട്ടൂർ

18. 'ചിന്താവിഷ്ടയായ സീത'യിലെ ദാർശനികത 94
ഡോ. കിരൺ എ.യു.

19. Dramatization of Darsanas 98
Dr. Smitha Sabu

20. ബൗദ്ധദർശനത്തിന്റെ പുനർവിചിന്തനം - 107
'ഞാനും ബുദ്ധനും' എന്ന നോവലിൽ
ഡോ. സുവർണ്ണനി ദേവി. ഇ.

21. Philosophy Reflected in Court Epics of Kalidasa 111
Dr. Susmi Sabu

22. Influence of 'Saivism on Sri Narayanaguru' 115
Dr. Divya Subran

23. ആർഷജ്ഞാനത്തിലെ ബ്രഹ്മാണ്ഡസങ്കല്പം 119
ഡോ.താര എസ്.എസ്.

24. शुद्धाद्वैत दर्शन और कवि सूरदास 124
डॉ.कविता राज एन.

25. Influence of Advaita Philosophy in Sopananrtta 128
Dr.M.Bijimol

26. ഹരിനാമകീർത്തനത്തിലെ ഓങ്കാരോപാസന 131
സിന്ധു.സി.എസ്

27. प्रेमचंद के कथा-साहित्य में 'सत्यम् शिवम् सूंदरम्' की परिकल्पना 136
अश्वती.एस.


Scanned with CamScanner

28. പൂന്താനം കൃതികളിൽ പ്രതിഫലിക്കുന്ന ദാർശനികത — 139
ഡോ. ജയലക്ഷ്മി. വി.

29. समकालीन हिन्दी निबंध-साहित्य और दर्शन — 143
दिव्या. वि.एल.

30. Influence of Darsanas on the Western Literature and Media — 146
Sreekuttan. S.

31. Naiyayika's Theory of Anumana and its Influence in Poetics — 152
Ashitha. R.K.

32. ബുദ്ധമതസാന്നിധ്യം സഹോദരൻ അയ്യപ്പന്റെ പദ്യകൃതികളിൽ — 156
സൗമിത്ത്. എസ്.

33. വീണപൂവിലെ അദ്വൈതദർശനസാന്നിധ്യം — 162
രശ്മി. റ്റി.ആർ.

34. Influence of Mahayana Buddhism in Tilopa's Song of Mahamudra — 168
Vishnu. V.S.

35. सांख्यदर्शनस्य प्रभावः नैषधीयचरिते — 174
अञ्जु. जे.

36. Gitanjali: A Distant Conception made an Up-close Perception — 180
Ananthan. K.P.

37. ഭജഗോവിന്ദത്തിലെ അദ്വൈതദർശനപ്രഭാവം — 184
അരുൺ പ്രസാദ്. ആർ.

38. Advaitic Textures in Valmiki Ramayana : An interpretation — 188
Ananya. K.P.

39. ബൗദ്ധദർശനം - കരുണയിൽ — 192
നിതിൻ. എസ്സ്. പ്രകാശ്

Scanned with CamScanner

# വേദാന്തചിന്തയുടെ കാവ്യപ്രമേയങ്ങൾ

ഡോ. ജി. രഘുകുമാർ കുടവട്ടൂർ

ആർഷജ്ഞാനത്തിന്റെ ശൃംഗമാണ് വേദാന്തം. ജീവിതത്തിന്റെ തീവ്രദുഃഖങ്ങൾ മനുഷ്യനെ ചിന്താകുലനാക്കി. ആ വേദനയിൽ നിന്നു മോചനം നേടാൻ മാർഗമന്വേഷിച്ച മഹാമനീഷികൾ കണ്ടെത്തിയ ആശയലോകമാണ് വേദാന്തദർശനം.

നരജീവിതമെന്ന മഹാസമസ്യയെ കേവലയുക്തിവിചാരംകൊണ്ടു വിശദീകരിക്കാൻ കഴിയാതെവന്നപ്പോൾ ദൈവമെന്ന സങ്കല്പത്തിൽ സർവതും സമർപ്പിച്ചു. അയുക്തികതയുടെ യുക്തിയാണിത്. ഈ ദർശനത്തിലെത്തിയത് ഭാവനയിലും ചിന്തയിലും മുമ്പേ നടന്ന ഋഷിശ്രേഷ്ഠരാണ്. നൂറ്റാണ്ടുകളായി ഈ വിശ്വാസം ബലപ്പെടുകയും ചെയ്തു. ഒരു ശക്തിയിലുള്ള രൂഢമൂലമായ വിശ്വാസം ആ ശക്തി പ്രവർത്തിച്ചാലുണ്ടാകുന്നതുപോലെയുള്ള ഫലം ചെയ്യുമെന്ന് മനഃശ്ശാസ്ത്രത്തിന്റെ ബലത്തിൽ പഠിതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. (വിശ്വാസത്തിന്റെ മനഃശ്ശാസ്ത്രപശ്ചാത്തലം ലേഖനം - എം. ലീലാവതി) വിശ്വാസത്തിൽ നിന്ന് മനുഷ്യനുലഭിക്കുന്ന ആശ്വാസം, അഭയം, പ്രതീക്ഷ ഇവയ്ക്കു ബദലായി ഒന്നും നല്കാൻ മറ്റു ചിന്താപദ്ധതികൾക്കു കഴിഞ്ഞിട്ടില്ല. മനുഷ്യന് അവന്റേതല്ലാത്ത കുറ്റംകൊണ്ട് ആപത്ത്, ദുഃഖം എന്നിവ ഉള്ളിടത്തോളം കാലം ഈശ്വരവിശ്വാസം തുടർന്നു കൊണ്ടേയിരിക്കും. ഭരണകൂടം, കോടതി തുടങ്ങി നീതികിട്ടേണ്ട സ്ഥാപനങ്ങളിൽ നിന്നും അതു ലഭിക്കാതിരിക്കുമ്പോൾ അന്ധവിശ്വാസത്തിലേക്കും ആരാധനാലയങ്ങളിലേക്കുമുള്ള ജനപ്രവാഹം വർദ്ധിച്ചുകൊണ്ടിരിക്കും. അങ്ങനെ വേദാന്തചിന്ത പൂർവാധികം ശക്തിയോടെ ലോകജനതയിൽ സ്വാധീനം ചെലുത്തി മുന്നേറുന്നു.

ആത്മാവിനീഭൂവിൽ ബന്ധമില്ലെന്നും സ്വന്തദേഹവുമായി ബന്ധമില്ലെന്നും ബന്ധമുള്ളത് ആത്മാക്കൾ തമ്മിൽ മാത്രമാണെന്നും വേദാന്തികൾ വ്യക്തമാക്കുന്നു. ശരീരത്തിൽ ആത്മാവിന്റെ സ്ഥാനത്തെ കഠോപനിഷത് ഉദാഹരിക്കുന്നു.

"ആത്മാനം രഥിനം വിദ്ധി ശരീരം രഥമേവ ച
ബുദ്ധിം തു സാരഥിം വിദ്ധി മനഃപ്രഗ്രഹമേവ ച

(ജീവാത്മാവിനെ തേരിന്റെ ഉടമയായും ശരീരത്തെ രഥമായും അറിയുക. ബുദ്ധിയെ സാരഥിയായും മനസ്സിനെ കടിഞ്ഞാണായും മനസ്സിലാക്കുക)

(കഠോപനിഷത്ത് മൂന്നാംവല്ലി മന്ത്രം -3)

ആത്മാവിന്റെ നിസംഗഭാവത്തെപ്പറ്റി മുണ്ഡകോപനിഷത് ആലങ്കാരികമായി അവതരിപ്പിക്കുന്നതു ശ്രദ്ധിക്കുക -

"ദ്വാ സുപർണാ സയുജാസഖായാ
സമാനം വൃക്ഷം പരിഷസ്വജാതേ
തയോരന്യഃ പിപ്പലം സ്വാദ്വ-
ത്ത്യനശ്നന്നന്യോ അഭിചാകശീതി" (3-1-1)

(ചേർന്നിരിക്കുന്നവയും സഖാക്കളുമായ രണ്ടു പക്ഷികൾ ഒരേ വൃക്ഷത്തെ ആശ്രയിച്ചിരിക്കുന്നു. അതിലൊന്ന് സ്വാദുള്ള പിപ്പലഫലം തിന്നുന്നു. മറ്റേത് ഭക്ഷിക്കാതെ നോക്കിക്കൊണ്ടിരിക്കുന്നു)

ഇങ്ങനെ നിസ്സംഗമായ ആത്മാവിന്റെ ഭാവമറിഞ്ഞ് മനസ്സിനെ ലൗകിക വിചാരങ്ങളിൽ നിന്നുയർത്തി നിർത്തിയാൽ ലഭിക്കുന്ന ശാന്തിയാണ് ലൗകിക ജീവിയായ മനുഷ്യന് ചെന്നെത്താവുന്ന ഉയർന്നതലം. ഇതിന് എളുപ്പവഴിയില്ല. ആത്മജ്ഞാനത്തിനുഴറുകയും ഉചിതമായ സാധന അനുഷ്ഠിക്കുകയും ചെയ്യുന്നവർക്കേ ആത്മാവു സ്വന്തം മഹത്വം വെളിപ്പെടുത്തിക്കൊടുക്കയുള്ളു. അത്തരത്തിൽ ഉയർന്നാൽ നിസ്സംഗഭാവമുണ്ടാകും. സുഖദുഃഖങ്ങളുടെ തീവ്രതകുറയും ശാന്തിയും സമാധാനവും ലഭിക്കും.

വേദാന്തത്തിന്റെ കേന്ദ്രബിന്ദു വ്യക്തിഗത ആത്മാവും ബ്രഹ്മവും തമ്മിലുള്ള താദാത്മ്യത്തിനുമേലുള്ള ധ്യാനമാണ്. അന്തർജ്ഞാനം ഉണ്ടാവുകയും താദാത്മ്യം അപരോക്ഷവും ആകുന്നതുവരെ ഈ ധ്യാനം തുടരേണ്ടതുണ്ട്. അതോടെ ആ വ്യക്തി ജീവൻമുക്തനാകുന്നു. ഉപനിഷദ് പ്രമാണങ്ങളിലൂടെയാണ് ആത്യന്തിക ദാർശനിക സത്യം അറിയേണ്ടതെന്നതിൽ തർക്കമില്ല. പക്ഷേ ഇതിൽ നിന്നും കിട്ടുന്ന അറിവ് യഥാർത്ഥമോക്ഷം നേടിത്തരണമെങ്കിൽ 'അഹം ബ്രഹ്മാസ്മി'. ഞാനാണ് ബ്രഹ്മം എന്ന് സ്വന്തം അനുഭവത്തിലൂടെ തിരിച്ചറിയണം. ഈ പ്രത്യക്ഷാനുഭവം അല്ലെങ്കിൽ പരമോന്നത സത്യത്തെക്കുറിച്ചുള്ള പ്രത്യക്ഷ ആത്മജ്ഞാനം ആണ് വിദ്വദനുഭവം. ഇതു സാധാരണക്കാരുടെ അനുഭവത്തിൽ നിന്ന് വ്യത്യസ്തമാണ്.

ജീവൻമുക്തന്റെ ജീവിത്തിൽ രണ്ടുഘട്ടങ്ങളുണ്ട് ഒന്ന് സമാധിയാണ്. ഇതിൽ അയാൾ സ്വയം ഉള്ളിലേക്കു വലിയുകയും ബ്രഹ്മത്തിൽ ലയിക്കുകയും ചെയ്യും. അയാൾ അതിൽ ഭ്രമിക്കുന്നില്ല. കാരണം അതീന്ദ്രിയാത്മകമായ മിഥ്യയാണതെന്ന് അയാൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ജീവൻമുക്തൻ എല്ലാ പ്രവർത്തികളും വേണ്ടെന്നു വയ്ക്കേണ്ട ആവശ്യമില്ല. പക്ഷേ പ്രവർത്തികൾക്ക് സ്വാർത്ഥമോഹം ഉണ്ടാവാൻ പാടില്ല. മനുഷ്യന്റെ സവിശേഷതയായി കണക്കാക്കാറുള്ള സങ്കുചിതമായ വ്യക്തിഗത സ്നേഹവും ജീവൻമുക്തനുണ്ടാകില്ല. ജ്ഞാനോദയംമൂലം എല്ലാവരേയും ഒരുപോലെ സ്നേഹിക്കാൻ കഴിയുന്നു. നാം നമുക്കുവേണ്ടി ചെയ്യുന്നതെല്ലാം മറ്റുള്ളവർക്കു വേണ്ടിയും ചെയ്യണം. കാരണം അവർ നാംതന്നെയാണ്. ഏറ്റവും ഉറപ്പുള്ള അടിത്തറ പ്രദാനം ചെയ്യുന്ന ധാർമ്മികതയുടെ സുപ്രധാന നിയമമാണിത്. എല്ലാറ്റിനേയും സ്വന്തം സ്വത്വത്തിൽ കാണുകയും എല്ലാറ്റിലും തന്നെ കാണുകയും ചെയ്യുന്നവൻ ആരേയും വെറുക്കുന്നില്ല. അയാൾ ധർമ്മത്തെ അറിയുകയില്ല. ധർമ്മത്തെ ആവിഷ്കരിക്കുകയാണു ചെയ്യുന്നത്. ആത്മാവിനേക്കുറിച്ചുള്ള ജ്ഞാനോദയം നേടിയ വ്യക്തിയിൽ കാരുണ്യംപോലെയുള്ള നന്മകൾക്കായി ബോധപൂർവമായ ശ്രമങ്ങളാവശ്യമില്ല. അവ അയാളുടെ രണ്ടാം പ്രകൃതിതന്നെയാണ്. ഭൗതികസാഹചര്യങ്ങളിൽ നിന്നും വേറിട്ടുകഴിയുമ്പോൾ അയാൾ പുനർജനിക്കുകയില്ല. ബ്രഹ്മമായി തുടരുകയാണു ചെയ്യുന്നത്. ഭാരതീയ ദർശനസംഗ്രഹം).

എല്ലാ വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളാണ്. എല്ലാ സിദ്ധാന്തങ്ങളും തെറ്റാണ്. ഒന്നുമയപ്പെടുത്തിയാൽ ഏതിലും ഭാഗികമായ ശരികളേ ഉള്ളൂ. ഒരു വിശ്വാസപ്രമാണവും പൂർണമായി വിശ്വസിക്കരുത്. ഒരു സിദ്ധാന്തത്തെയും അന്ധമായി അനുഗമിക്കരുത്. കാരണം മാനുഷികമായതൊന്നും പൂർണമല്ല. എന്നാൽ ഉണ്ടായിട്ടുള്ളതും നൂറ്റാണ്ടുക

Scanned with CamScanner

ളാൽ തുടർന്നുവരുന്നതുമായ എല്ലാ ദർശനങ്ങളും മനുഷ്യനന്മയെ ലക്ഷ്യം വയ്ക്കുന്നു. മനുഷ്യപുരോഗതിക്കൊരു പരിധിവരെ ഇവ പ്രയോജനകരവുമാണ്. അത്രമാത്രമേ അവയെ വിശ്വസിക്കാനും അനുഗമിക്കാനും പാടുള്ളു എന്ന തിരിച്ചറിവുണ്ടാകണം.

ഭാരതീയമായ വേദാന്ത ദർശനം സാമാന്യ ജനങ്ങളിലെത്തിക്കാൻ കവികളാണു പ്രയത്നിച്ചത്. ഈ തത്ത്വസംഹിതകളെ കലകൊണ്ടു ചമല്ക്കരിച്ചവതരിപ്പിക്കാൻ കവികൾ തയ്യാറായി. ഇക്കൂട്ടത്തിൽ കുമാരനാശാന്റെ പങ്ക് ചെറുതല്ല. ബാല്യത്തിലേ ആത്മീയവിചാരമാർജ്ജിച്ച ആശാൻ വേദാന്തിയായ നാരായണ ഗുരുസ്വാമികളുടെ സഹചാരിയായും നിലകൊണ്ടു. ഇതിൽ നിന്നെല്ലാം സ്വരൂപിച്ച വിവേകമാണ് 1907-ൽ എഴുതിയ 'വീണപൂവിന്റെ' നാല്പതാം ശ്ലോക രചനയ്ക്കു പിന്നിലെ പ്രേരണ. ആശാനെഴുതുന്നു-

"ഹാ! ശാന്തിയൗപനിഷദോക്തികൾ തന്നെ നല്കും
ക്ലേശിപ്പതാത്മപരപീഡനമജ്ഞതയോഗ്യം
ആശാഭാരം ശ്രുതിയിൽ വയ്ക്കുക നമ്മൾ, പിന്നെ
യീശാജ്ഞപോലെ വരുമൊക്കെയുമോർക്കപൂവേ!"

ഈ ഔപനിഷദിക ചിന്തയിൽ തുടർന്നും മുന്നോട്ടുപോയ കവി 1911-ൽ 'നളിനി'യിലൂടെ യഥാർത്ഥ ബ്രഹ്മചാരിയെ നായകനായി അവതരിപ്പിക്കുന്നു. വേദാന്തിയെ സംബന്ധിച്ചു മുകളിൽ സൂചിപ്പിച്ച എല്ലാ സ്വഭാവവിശേഷങ്ങളും ദിവാകരനു യോജിക്കും. വിശ്വസ്നേഹ ചിന്തയാൽ പ്രണയംപോലും ദിവാകരൻ വെടിഞ്ഞു, ലൗകിക വിചാരത്തിൽ നിന്നു വിടുതൽ നേടാനാകാത്ത നളിനിയെ തന്റെ പൂർവകാമുകിയെ തികഞ്ഞ നിസ്സംഗഭാവത്തിൽ കാണാനും അവളോടു സംവദിക്കാനും ദിവാകരനു കഴിയുന്നു. കവി ദിവാകരനെപ്പറ്റി.

"ഇത്രധന്യത തികഞ്ഞു കാൺമതി-
ല്ലത്ര നൂനമൊരു സാർവഭൗമനിൽ
ചിത്തമാം വലിയ വൈരി കീഴമർ-
ന്നത്തൽ തീർന്ന യമി തന്നെ ഭാഗ്യവാൻ" (നളിനി-5)

ഈ ഭാഗ്യമാണ് വേദാന്തചിന്ത മുന്നോട്ടുവയ്ക്കുന്നത്. യമിയുടെ ഉയരത്തിലെത്തിയതിനാൽ മാത്രമാണ് ചെറുകാറ്റിൽ തണ്ടുലഞ്ഞു മെല്ലെ വിടരുന്ന പൂവു നോക്കി നില്ക്കാൻ നഗ്നയുവയോഗിക്കു കഴിയുന്നതും.

"കണ്ടവൻ കുതുകമാർന്നുതെന്നലിൽ
തണ്ടുലഞ്ഞു വിടരുന്ന താരുകൾ" (നളിനി -8)

ദിവാകരദേഹം ചരമശയ്യയാക്കി നളിനി വിരമിച്ചു. ശേഷം ആ സംഭവം യോഗിയുടെ ഉള്ളിൽ യാതൊരു ചാഞ്ചല്യവും ഉണ്ടാക്കിയില്ല. കവി ദിവാകരയോഗിയെക്കൊണ്ടു പറയിക്കുന്നു.

"ആകുലത്വമിയലില്ല യോഗി ഞാൻ.
ശോകമില്ലിനീ നിനക്കുമേതുമേ
നീ കുലീന ഗുണദീപികേ, വിടും
ലോകമാണുദയനീയമെൻ പ്രിയേ!"

Scanned with CamScanner

ബ്രഹ്മജ്ഞാനിയുടെ മനോനില അറിഞ്ഞ കവി അവതരിപ്പിച്ച നായകനെ തിരിച്ചറിയണമെങ്കിൽ വേദാന്തജ്ഞാനമുണ്ടായിരിക്കണം.

കവിയെ വേദാന്തത്തിലേക്കു നയിച്ചത് ജീവിതവേദനയെപ്പറ്റിയുള്ള വിചാരമാണെന്നതിനു ഉദാഹരണമാണ്. ലീലയിലെ 40-ാം ശ്ലോകം മനുഷ്യന്റെ ഏറ്റവും വലിയ ധർമ്മസങ്കടത്തിന്റേതാണ്.

"കരുതുവതിഹ ചെയ്യവയ്യ, ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാവിചാരം
പരഹിതമറിഞ്ഞു കൂട, യായുർ
സ്ഥിരതയുമി-ല്ല തിനിന്ദ്യമീനരത്വം!"

ചിന്താവിഷ്ടയായ സീതയിലും ഇതിനുദാഹരണമുണ്ട്

"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോദശ വന്നപോലെ പോം;
വിരയുന്നു മനുഷ്യനേതിനോ,
തിരിയാ ലോകരഹസ്യമാർക്കുമേ" (ശ്ലോകം - 12)

"ഹാ! സുഖങ്ങൾവെറും ജാലം, ആരറിവൂ നിയതിതൻ
ത്രാസുപൊങ്ങുന്നതും താനേ താണുപോവതും" (കരുണ പുറം. 574)

"അഹഹ! സങ്കടമോർത്താൽ മനുഷ്യജീവതത്തേക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തോന്നുള്ളൂ!

പുഷ്ടശക്തി വഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
മൂടിയാൽ മതി, തവിടുപൊടിയാമല്ലോ," (കരുണ - പുറം 575)

ഇത്തരം ഉത്കണ്ഠകൾ ഒരു വശത്തുംഇതിൽ നിന്നുംമോചനം നേടാനുള്ള വേദാന്തം മറുവശത്തുംകരുതിക്കൊണ്ടാണ് ആശാൻകവിത മുന്നേറിയത്.

ചണ്ഡാലഭിക്ഷുകിയിലെ ആനന്ദഭിക്ഷുവും കരുണയിലെ ഉപഗുപ്തനും ഇന്ദ്രിയനിഗ്രഹം നേടിയവരാണ്. കഥാപാത്രസൃഷ്ടിയിലും കഥാ സങ്കല്പത്തിലും കവിക്കു പ്രേരണയായി നിന്നതു വേദാന്ത വിചാരമാണെന്നതു വ്യക്തമാകുമല്ലോ. ലോകസമാധാനത്തിനും വ്യക്തി ജീവിത വിജയത്തിനും അച്ചടക്കത്തിനുമെല്ലാം ഉതകുന്ന മഹത്തായ ദർശനമാണു വേദാന്തം. അതു സംബന്ധിച്ച അറിവ് നചികേതസിനെപ്പോലെ ജിജ്ഞാസുക്കളെ സൃഷ്ടിക്കാനും ഉപയുക്തമാകും. പൂർവികർ വരും തലമുറകൾക്കു സമ്പാദിച്ചു നല്കിയ വിജ്ഞാനത്തിന്റെ കലവറയാണിത്. ജ്ഞാനസമ്പത്ത് നിലനിർത്താനും വേണ്ടവിധം ഉപയോഗിക്കാനും ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ടെന്ന തിരിച്ചറിവാണു പ്രധാനം.

വീണപൂവിൽ തുടങ്ങി നളിനിയിൽ പൂർണമായി വിലസി നില്ക്കുന്ന വേദാന്തദർശനം കുമാരനാശാനെ ജീവിത വിരക്തനാക്കുന്നില്ല. കരുതുവതിഹ ചെയ്യവയ്യ.... എന്ന ലീലയിലെ ശ്ലോകം കവിയുടെ ജീവിതാശങ്ക വ്യക്തമാക്കുന്നു. എന്നാൽ അതിനൗഷധം കവികണ്ടെത്തുകയാണ് ചിന്താവിഷ്ടയായ സീതയിൽ-

Scanned with CamScanner

"കരളിന്നിരുൾ നീക്കുമുള്ളലി-
ച്ചൊരു മന്ദസ്മിത രശ്മികൊണ്ടവർ
നരജീവിതമായ വേദനയ്-
ക്കൊരുമട്ടർഭകരൗഷധങ്ങൾ താൻ" (ചിന്ത...25, പു. 427)

"അഥവാ ക്ഷമപോലെ നന്മചെ-
യ്തരുളാൻ നോറ്റൊരു നല്ല ബന്ധുവും
വ്യഥപോലറിവോതിടുന്നസദ്-
ഗുരുവും മർത്യനു വേറെയില്ലതാൻ" (ചിന്താ...41)

ജീവിത വേദനകളെ മറികടക്കാൻ വേദാന്തത്തിനെ കൂട്ടുപിടിച്ച കവി ലൗകികതയിൽത്തന്നെ അതിനുള്ള മരുന്നുകാട്ടിത്തരുന്നു. ഒപ്പം ബന്ധുവിനേയും. ഇതിൽ നിന്നു വ്യക്തമാകുന്ന വസ്തുത ശുഷ്കമായ ജീവിത വിരക്തിയല്ല പാകമായ വിചാരശീലം പ്രയോജനപ്പെടുത്തി ജീവിക്കുക എന്നതാണ്. വേദാന്ത ചിന്തയെന്നല്ല എല്ലാ വിജ്ഞാനങ്ങളും ജീവിതത്തിനുതകണം. ജീവിതം ലൗകിക ജീവിതം തന്നെ. സന്യാസമല്ല; ഉർവരവും ഊഷ്മളവുമായ ജീവിതം അതാണു പ്രധാനം.

ഗ്രന്ഥസൂചി


1. ശ്രീമാൻ നമ്പൂതിരി. ഡി. ഉപനിഷത് സർവസ്വം, തൃശൂർ: സ്മാർട്ട് പബ്ലിക്കേഷൻസ്, 2001
2. കുമാരനാശാന്റെ മൗലികകൃതികൾ. നാഷണൽ ബുക്ക് സ്റ്റാൾ. കോട്ടയം: 1999
3. പാർവതീദേവി. ആർ (വിവർത്തക) ഭാരതീയ ദർശന സംഗ്രഹം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2014
4. ബാലകൃഷ്ണൻനായർ. ജി. പ്രൊഫ. വേദാന്തദർശനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 1997
5. ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും, പ്രധാനകൃതികളും, ശ്രീ തീർത്ഥപാദാശ്രമം, വാഴൂർ; 2011
6. ഭാസ്കരൻ.ടി, ഡോ. ഭാരതീയകാവ്യശാസ്ത്രം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം; 2014
7. ലീലാവതി. എം, ഡോ. നവകാന്തം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം : 2012


Scanned with CamScanner